"ഭരണഭാഷ മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഉപഭോക്തൃകാര്യ വകുപ്പ്- ലീഗൽ മെട്രോളജി- VC10/2022/TVM നമ്പർ കേസിലെ അന്വേഷണവുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ തുടരുന്ന ഡെപ്യൂട്ടി കൺട്രോളർ ശ്രീ.അജിത് കുമാർ ബി.എസ്സിനെ സർവീസിൽ പുനഃ പ്രവേശിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.4/2024/CAD    തീയതി,തിരുവനന്തപുരം, 06-02-2024

---

പരാമർശം    1. സ.ഉ.(സാധാ).നം.103/2022/സിഎഡി തീയതി 03-11-2022

2. സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ 28.12.2023 ലെ തീരുമാനം

ഉത്തരവ്

ലീഗൽ മെട്രോളജി വകുപ്പിൽ, തിരുവനന്തപുരം ലീഗൽ മെട്രോളജി ഡെപ്യൂട്ടി കൺട്രോളർ ആയിരുന്ന ശ്രീ.അജിത്കമാർ ബി.എസ്-നെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ തിരുവനന്തപുരം യൂണിറ്റ് VC 10/2022/TVM ആയി രജിസ്റ്റർ ചെയ്ത കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെ പരാമർശം (1) ലെ ഉത്തരവ് പ്രകാരം 01-11-2022 പ്രാബല്യത്തിൽ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തിരുന്നു.

2) ശ്രീ.അജിത്കമാർ ബി.എസ്- ന്റെ സസ്പെൻഷൻ റിവ്യൂ ചെയ്യുന്നതുമായി ബന്ധപ്പെട്ട് 28-12-2023 ന് നടന്ന സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയിൽ, ടിയാനെതിരെ കഠിനമായ ശിക്ഷാനടപടി സ്വീകരിക്കേണ്ടതാണ് എന്ന വ്യവസ്ഥക്ക് വിധേയമായി ടിയാനെ സർവീസിൽ പുനഃപ്രവേശിപ്പിക്കുന്നതിനും, തിരുവനന്തപുരം ജില്ലയ്ക്ക് പുറത്തായി നിയമിക്കുവാനും പരാമർശം (2) പ്രകാരം തീരുമാനിക്കുകയുണ്ടായി.

3) മേൽ സാഹചര്യത്തിൽ, VC 10/2022/TVM നമ്പർ വിജിലൻസ് കേസുമായി ബന്ധപ്പെട്ട് സസ്പെൻഷനിൽ തുടരുന്ന ഡെപ്യൂട്ടി കൺട്രോളർ ശ്രീ.അജിത് കുമാർ ബി.എസ്സ്-നെ, ടി വിഷയവുമായി ബന്ധപ്പെട്ട് കഠിനമായ ശിക്ഷാനടപടി സ്വീകരിക്കുന്നതാണ് എന്ന വ്യവസ്ഥക്ക് വിധേയമായി, സർവീസിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

4) മുൻ ഖണ്ഡികയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർവ്വീസിൽ പുനപ്രവേശിക്കപ്പെട്ട ശ്രീ.അജിത് കുമാർ ബി.എസ്സ്-നെ കാസറഗോഡ് ഫ്ലയിങ് സ്ക്വാഡ് ഡെപ്യൂട്ടി കൺട്രോളറായി ഉടൻ പ്രാബല്യത്തിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജിത് കുമാർ ഐ എ എസ്

സെക്രട്ടറി

കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്,തിരുവനന്തപുരം

ശ്രീ.അജിത്കമാർ ബി.എസ്, ഡെപ്യൂട്ടി കൺട്രോളർ, ലീഗൽ മെട്രോളജി വകുപ്പ്

(ലീഗൽ മെട്രോളജി കൺട്രോളർ മുഖേന)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ് ) കേരള ,തിരുവനന്തപുരം

അക്കണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.

നവ-ദൃശ്യ-അച്ചടി വിഭാഗം,(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

വിജിലൻസ്(എഫ്) വകുപ്പ് ( വി ജി-എഫ്1/228/2022/വി ജി, തീയ്യതി 24/1/2024 പ്രകാരം)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (ഫയൽ നം.സി.എ.4/12/2024/സിഎഡി)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്സ്-ന്